# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2169** **05/12/2018-ൽ മറുപടിയ്ക്ക്**

## ഐ.സി.പി.എസ് .ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്കുള്ള അവധികൾ

| **ചോദ്യം**<br>**ശ്രീ. എം.സ്വരാജ്** | **ഉത്തരം**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഐ.സി.പി.എസ്. ന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് പ്രസവാവധി ഉൾപ്പെടെയുള്ള അവധികൾ അനുവദിച്ച് സർക്കാർ നിർദ്ദേശങ്ങൾ സർക്കുലറാക്കി നൽകിയിട്ടുണ്ടോ; | (എ) ഐ.സി.പി.എസിന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസവാവധി അനുവദിച്ചുകൊണ്ട് സാമൂഹ്യ നീതി ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ഈ അവധികൾ അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ? | (സി) ഐ.സി.പി.എസിന്റെ കീഴിലുള്ള കരാർ ജീവനക്കാർക്ക് പ്രസവാവധി അനുവദിച്ച് നൽകുന്നുണ്ട്. വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസലർമാർക്ക് ഹോണേറേറിയത്തോടുകൂടിയ പ്രസവാവധി അനുവദിക്കുന്ന കാര്യം, ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**

അനന്തരം

സംയോജിത ശിശു സംരക്ഷണ പദ്ധതി , കേരളം

<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീ V N ജിതേന്ദ്രൻ , സാമൂഹ്യ നീതി ഡയറക്ടർ)

---

വിഷയം : സാമൂഹ്യ നീതി വകുപ്പ് – ICPS ന്റെ വിവിധ ഘടകങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് 180 ദിവസത്തെ മറ്റേണിറ്റി ലീവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.GO(P)No. 825/80/Fin. തിയ്യതി 31.10.1980

2. GO(P)No. 129/09/Fin. തിയ്യതി 01.04.2009

3.SCPS എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 19.01.2016 ന നടന്ന യോഗത്തിലെ പതിമൂന്നാമത്തെ തീരുമാനം

**<u>ഉത്തരവ് നമ്പർ ICPS-5/6782/15 തീയതി : 18.02.2016</u>**

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് പരാമർശം 1,2 പ്രകാരം ഒരു വർഷം സേവന കാലാവധി പൂർത്തിയായി ജോലിയിൽ തുടരുന്നവർക്ക് 180 ദിവസത്തെ മറ്റേണിറ്റി ലീവിനു അർഹതയുണ്ട്. SCPS എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 19.01.2016 ന നടന്ന യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ SPSU, SCPS,DCPU,SARA എന്നിവിടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് ഒരു വർഷം പൂർത്തിയാക്കി ജോലിയിൽ തുടരുന്നവർക്ക് 180 ദിവസത്തെ മറ്റേണിറ്റി ലീവിനു അനുമതി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ SPSU,SCPS,DCPU,SARA എന്നിവിടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷം പൂർത്തിയാക്കി ജോലിയിൽ തുടരുന്ന വനിതാ ജീവനക്കാർക്ക് 180 ദിവസത്തെ മറ്റേണിറ്റിലീവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ &
മെമ്പർ സെക്രട്ടറി (scps)

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
പ്രോഗ്രാം മാനേജർ ,SARA

<u>പകർപ്പ്:-</u>

1. പ്രോഗ്രാം മാനേജർ,SCPS
2. ICPS- 4
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം